# പ്രതീക്ഷയുടെ മന്ദഹാസം

കേരളത്തെക്കുറിച്ചു കേൾക്കുമ്പോഴോ ഓർക്കുമ്പോഴോ ഉള്ളിലും ചുണ്ടിലും പുഞ്ചിരി വിരിയുന്നൊരു കാര്യമെന്ത് ?

## മുറ്റത്തെ കൃഷിത്തോട്ടം

**റഫീക്ക് അഹമ്മദ്**
കവി





എത്രയോ വീട്ടുമുറ്റങ്ങളിലും മട്ടുപ്പാവുകളിലും പച്ചക്കറിക്കൃഷി തുടങ്ങിയതും പരിമിതികളും തോൽവികളും ഉണ്ടെങ്കിൽപോലും എത്രയോ പേർ ജൈവകൃഷിയിലേക്കു തിരിഞ്ഞതും മനസ്സിന് ഊർജം നൽകുന്നതാണ്. ഇക്കാലമത്രയും നാം പറയുക മാത്രമാണു ചെയ്തത്. ഇപ്പോൾ ഇതൊരു പരിഹാരമാണെന്നു തിരിച്ചറിയുകയും ചെയ്തിരിക്കുന്നു.

## ചെറിയ വേരുകളുടെ ശക്തി

**ബൈജു രവീന്ദ്രൻ**
സിഇഒ, ബൈജൂസ് ലേണിങ് ആപ്ലിക്കേഷൻ





ഞാനൊരു അഴീക്കോടുകാരനാണ്. ആളുകൾ പരസ്പരസഹകരണത്തോടെ ജീവിക്കുന്ന ഒരു കൊച്ചുഗ്രാമത്തിൽനിന്നു വരുന്നതുകൊണ്ടുതന്നെ കൂട്ടായ്മയിലൂടെ കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രാധാന്യം ഒരു സംരംഭകനെന്നനിലയിൽ വ്യക്തമായറിയാം. മലയാളികളുടെ കൂട്ടായ്മയാണു കേരളത്തിന്റെ അടിത്തറ. ചിലരൊക്കെ പറയാറുണ്ട്, ചെറിയ സ്ഥലത്തുനിന്നു വരുന്നതു പോരായ്മയാണെന്ന്. എന്നെ സംബന്ധിച്ച് ആ ചെറിയ വേരുകളാണ് ഇന്നും മുന്നോട്ടു നയിക്കുന്നത്.

ചെറുകിട സംരംഭങ്ങളുടെ വിജയം നൂറുകണക്കിനാളുകളെ സംരംഭകരാക്കുന്നതു സന്തോഷം നൽകുന്നുണ്ട്. 100 ശതമാനം സാക്ഷരതയുള്ള ഒരു നാടെന്നനിലയിൽ സംരംഭങ്ങളുടെ തറവാടാകാൻ നമുക്കു കഴിയും. ഒരു കാര്യമുറപ്പാണ്; വരുംവർഷങ്ങളിൽ ഒട്ടേറെ സംരംഭകരും ഗംഭീരൻ ബ്രാൻഡുകളും കേരളത്തിൽനിന്നു രാജ്യാന്തരതലത്തിലേക്കുയരും.

## ഇടവഴിയിലെ ചുവന്ന കല്ലുകൾ

**അനീസ് സലിം**
എഴുത്തുകാരൻ



നാടിനെപ്പറ്റി ഓർക്കുമ്പോൾ ഇടവഴികളാണു മനസ്സിലെത്തുന്നത്. കണ്ണൂരിലായിരുന്നു ബാല്യം. സെൻട്രൽ ജയിലിന്റെ വലിയ മതിൽക്കെട്ടിനു പിന്നിലെ വീട്. പച്ച നിറഞ്ഞുനിൽക്കുന്ന ഒരിടവഴിയിലൂടെ വേണമായിരുന്നു വീട്ടിലേക്കും തിരിച്ചും നടക്കാൻ. വരണ്ട മണ്ണും ചുവന്ന നിറത്തിൽ അടരുകളുള്ള ചെങ്കല്ലുകളും നിറഞ്ഞ കൊച്ചിടവഴി. അതിൽ പാദമൂന്നിയുള്ള നടപ്പു രസകരമായിരുന്നു. മഴക്കാലത്തു ചിലയിടങ്ങൾ വഴുക്കും. പിന്നീടു വർക്കലയിലേക്കു താമസം മാറി. ചെടിത്തലപ്പുകൾ വന്നു തൊടുന്ന ഇടവഴിയിലെ ചുവന്ന കല്ലുകളിലൂടെ നടക്കുന്നതിനു വേണ്ടിമാത്രം ഒരിക്കൽക്കൂടി അവിടേക്കു പോകണമെന്നാഗ്രഹിച്ചിട്ടുണ്ട്. ഇപ്പോൾ ജീവിക്കുന്ന കൊച്ചിനഗരത്തിൽനിന്നു ജന്മനാടായ വർക്കലയിലേക്കു പോകുമ്പോൾ പാതയോരത്തെ ഗ്രാമങ്ങളെല്ലാം പണ്ടത്തെപ്പോലെയില്ലെന്ന യാഥാർഥ്യമുണ്ട്. നഗരം ഗ്രാമത്തെ പുൽകി. പക്ഷേ വർക്കലക്കുന്നിനോടു ചേർന്ന് ഏറെ നാളുകളായി കാണുന്ന ഓലകൊണ്ടു മേഞ്ഞ ഒരു ചായപ്പീടിക മാത്രം മാറ്റമില്ലാതെ കാണുന്നുണ്ട്; ആശ്വാസം. സമോവറിൽനിന്ന് ഇപ്പോഴും ആവി പരക്കുന്നു. ചില്ലലമാരയിൽ കൊതിപ്പിക്കുന്ന പലഹാരങ്ങൾ. പ്രഭാതങ്ങളിൽ പല പ്രായക്കാർ, മതക്കാർ, സമ്പദ്ശ്രേണിയിലുള്ളവർ... എല്ലാവരും ആടുന്ന മരബെഞ്ചുകളിലിരുന്നു ചായ ഊതിക്കുടിക്കുന്നു. അവരുടെ വർത്തമാനങ്ങളിൽ സ്നേഹവും നന്മയും നഷ്ടപ്പെട്ടിട്ടില്ല.



## നിലവാരമുള്ള ആസ്വാദകർ

**ശ്വേത മോഹൻ**
ഗായിക





മൂളിപ്പാട്ടെങ്കിലും പാടാത്ത മലയാളി ഉണ്ടാവുമോ? ഉണ്ടാവില്ല. എല്ലാവരുടെ ഉള്ളിലും സ്വതസിദ്ധമായ ഒരു താളബോധമുണ്ട്; പൊതുവെ കലാബോധവും. കലാകാരി എന്ന നിലയിൽ കേരളത്തെക്കുറിച്ച് ഏറ്റവും സന്തോഷവും അഭിമാനവും നൽകുന്ന കാര്യമാണത്. സംഗീതമാകട്ടെ, നൃത്തമാകട്ടെ, സിനിമയാകട്ടെ ഏറ്റവും നിലവാരമുള്ള ആസ്വാദകരും വിമർശകരും മലയാളികളായിരിക്കും.

## കൂട്ടായ്മയുടെ വലിയ വിപ്ലവം

**എസ്.ഹരികിഷോർ**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



കൂട്ടായ്മയുടെ ശക്തി കേരളം പല കാലഘട്ടങ്ങളിലായി ലോകത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. രണ്ടു പതിറ്റാണ്ടു മുൻപു കേരളം തുടക്കമിട്ട കുടുംബശ്രീ എന്ന കൂട്ടായ്മ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളും കടന്നു പല വിദേശരാജ്യങ്ങളും പകർത്തുകയാണിപ്പോൾ. 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലായി 43 ലക്ഷം അംഗങ്ങളാണു കുടുംബശ്രീയിലുള്ളത്. സ്ത്രീശാക്തീകരണം വാക്കുകളിൽ മാത്രമല്ലെന്നു കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 313 കുടുംബശ്രീ അംഗങ്ങളായ അധ്യക്ഷമാരും ഏഴായിരത്തോളം വാർഡ് അംഗങ്ങളും തന്നെ തെളിവ്. സ്ത്രീകളുടെ നേതൃത്വത്തിൽ രണ്ടുപതിറ്റാണ്ടിനിടെ ഒരുലക്ഷത്തിലേറെ ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങി. ഭാവിയിൽ കേരളത്തിന്റെ സേവനമേഖലയിൽ ഈ കൂട്ടായ്മ വലിയ വിപ്ലവം രചിക്കും.

